## തിരുവനന്തപുരം നഗരസഭയിൽ നിർത്തിവച്ചിരിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ

303 (1728) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം നഗരസഭയിലെ വിവിധ വാർഡുകളിൽ കോടതി സ്റ്റേ കാരണം നിർത്തിവച്ചിരിക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്തിരിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ വാർഡിന്റെ പേര്, പ്രവൃത്തിയുടെ പേര്, സ്റ്റേ കാലാവധിയുടെ തീയതികൾ, ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുക എന്നിങ്ങനെ ഇനം തിരിച്ച് ലഭ്യമാക്കുമോ?

### ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## നഗര ജലസ്രോതസ്സുകളുടെ മലിനീകരണം

304 (1729) ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരപ്രദേശങ്ങളിലെ ജലാശയങ്ങളിലും, തോടുകളിലും, നദികളിലും മാംസാവശിഷ്ടം ഉൾപ്പെടെയുള്ള മാലിന്യം നിക്ഷേപിക്കുന്ന കരാർ സംഘങ്ങൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മാലിന്യം വലിച്ചെറിയാനുള്ളതല്ലെന്ന അവബോധം നഗരവാസികളിൽ ഉണ്ടാക്കിയെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) ഉറവിട മാലിന്യസംസ്കരണ സാഹചര്യമില്ലാത്ത നഗരവാസികളിൽ നിന്നു മാലിന്യം ശേഖരിക്കാനും, പരിസര മലിനീകരണമില്ലാതെ സംസ്കരിക്കാനും കുറ്റമറ്റ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള നഗരസഭകളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly